GURUKULAM

10

THE GREAT SCHOLAR

## ഒരു മഹാപണ്ഡിതൻെറ കഥ

ഒരിക്കൽ രണ്ടു കുട്ടികൾ ഒരു ഗുരുവിൻെറ അടുത്ത് വിദ്യ അഭ്യസിക്കുവാൻ ചെന്നു. അവരിൽ ഒരാൾ ബുദ്ധിമാനായിരുന്നു. അവൻ ഗുരു പറഞ്ഞതെല്ലാം നന്നായി പഠിച്ചു. ബോപ്ദേവൻ എന്ന മററേ കുട്ടിക്ക് ഒന്നും പഠിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഗുരു അവനെ ആശ്രമത്തിൽനിന്നും പുറത്താക്കി.

ബോപ്ദേവൻ ഒരു കിണററിനടുത്ത് വെള്ളം കുടിക്കാൻ ചെന്നു. അവിടെ ഗ്രാമീണ സ്ത്രീകൾ കൂടങ്ങൾ വച്ചതിൻെറ ഘർഷണം കല്ലുകളിലുണ്ടാക്കിയ പല പാടുകൾ അയാൾ കണ്ടു. അയാൾ ഒരു നിമിഷം ചിന്തിച്ചു. എന്നിട്ട് സ്വയം പറഞ്ഞു. "കുടങ്ങൾ കല്ലിൽ പാടുകൾ ഉണ്ടാക്കി. ഞാൻ കല്ലിനേക്കാൾ കട്ടിയുള്ളവനാണ്." അയാൾ ഗുരുവിൻെറ അടുത്തേയ്ക്ക് തിരിച്ചു ചെന്നു. ഗുരുവിനോടു മാപ്പു ചോദിച്ചിട്ട് പഠിക്കാൻ ആരംഭിച്ചു. വളരെ കുറച്ചുകാലം കൊണ്ട് അയാൾ ഒരു മഹാപണ്ഡിതനായിത്തീർന്നു. ഈടുററ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു.